വനിതാ ജയിലിലേക്ക് ആംപ്ലിഫയർ നൽകി

ഒല്ലൂർ : പുതുവത്സര സമ്മാനമായി ഒല്ലൂർ ലയൺസ് ക്ലബ്ബ് വിയ്യൂർ വനിതാ ജയിലിലേക്ക് ആംപ്ലിഫയർ നൽകി. ജയിലിൽ കഴിയുന്ന തടവുകാർക്കും അവരുടെ കുട്ടികൾക്കും എഫ്എമ്മിലെ പാട്ടുകളും ജയിൽ അറിയിപ്പുകളും കൂടുതൽ വ്യക്തതയോടെ ഇനി കേൾക്കുന്നതിനായി ആംപ്ലിഫയറുകൾ സഹായിക്കും. കേൾവിക്കുറവുള്ള അന്തിവാസികൾക്കും ഉപകരണം കൂടുതൽ ഉപകാരമാകും. ഒമ്പത് വിദേശ തടവുകാർ അടക്കം 70 അന്തേവാസികളാണ് വിയ്യൂരിലെ വനിതാ ജയിലിലുള്ളത്. അഞ്ചു വയസിന് താഴെയുള്ള ആറു കുട്ടികളും ഇവിടെയുണ്ട്. മധ്യമേഖല ജയിൽ ഡിഐജി പി.അജയകുമാർ, സെൻട്രൽ ജയിൽ സൂപ്രണ്ട് കെ.അനിൽകുമാർ, വനിതാ ജയിൽ സൂപ്രണ്ട് ജയ, വെൽഫെയർ ഓഫീസർ സാജി സൈമൺ, ലയൺസ് ക്ലബ്ബ് പ്രതിനിധികളായ ടി. ശങ്കരനാരായണൻ, എൻ.രഘുനാഥ്, പോൾ വാഴക്കാല, ആർ.എ പീറ്റർ, എം.ആർ രാധാകൃഷ്ണൻ പങ്കെടുത്തു.

ദ്വിദിന സഹവാസ ക്യാംപ്

കൊടകര : കൊടകര ഗവ. എൽപി സ്കൂളിൽ ദ്വിദിന സഹവാസ ക്യാംപ് നടത്തി. കുസൃതി കൂടാരം 25 എന്ന പേരിൽ സംഘടിപ്പിച്ച ക്യാംപ് കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് സന്ദേശ് നാരായണൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ജി രജീഷ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ദിവ്യ ഷാജു, പഞ്ചായത്ത് അംഗം സി.ഡി സിബി, പ്രധാനധ്യാപിക എം.കെ ഡൈനി, മുൻ കൊടകര ബിപിഒ കെ.നന്ദകുമാർ, മുൻ പ്രധാനാധ്യാപകൻ സുരേന്ദ്രൻ, രമേഷ് കെ, സി.എം ബബീഷ്, മഞ്ജുഷ സതീഷ്, ടി.ജെ ഷിന പ്രസംഗിച്ചു. നിഖിൽദാസ്, നിജിൽദാസ് എന്നിവരുടെ നേതൃത്വത്തിൽ നാടക കളരിയും സുരക്ഷിത ഭക്ഷണം കുട്ടികളിൽ വിഷയത്തിൽ സജി കെ വേലുപ്പാടം നയിച്ച ക്ലാസും ഉണ്ടായി. സോപ്പ് നിർമാണ പരിശീലനത്തിന് ഇ.കെ രാജലക്ഷ്മി നേതൃത്വം നൽകി. പ്രകൃതി പഠന യാത്രയും ഉണ്ടായി.

ലയൺസ് ക്ലബ്ബിന് പുതിയ ഓഫിസ്

ഇരിങ്ങാലക്കുട : ടൗൺ ലയൺസ് ക്ലബ്ബിന്റെ പുതിയ ഓഫിസ് ലയൺസ് മൾട്ടിപ്പിൾ കൗൺസിൽ ചെയർമാനും മുൻ ഡിസ്ട്രിക്റ്റ് ഗവർണറുമായ ടോണി എനോക്കാരൻ ഉദ്ഘാടനം ചെയ്തു. ടൗൺ ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ഹാരീഷ് പോൾ അധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ മുഖ്യാതിഥിയായി. റീജിയൻ ചെയർമാൻ കെ.എസ് പ്രദീപ്, ഡിസ്ട്രിക്റ്റ് കോർഡിനേറ്റർമാരായ കെ.എം അഷറഫ്, ബിജു പൊറുത്തൂർ, സോൺ ചെയർമാൻ അഡ്വ.ജോൺ നിധിൻ തോമസ്, ഷാജു പാറേക്കാടൻ, ടിനോ ജോസ്, ഡയസ് കാരാത്രക്കാരൻ പ്രസംഗിച്ചു.

പാലിയേറ്റീവ് രോഗികൾക്ക് സ്നേഹയാത്ര

കൊടകര : ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് രോഗികൾക്ക് സ്നേഹയാത്ര ഒരുക്കി. കൊടകര കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപത്ത് നിന്നാരംഭിച്ച യാത്ര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ ഫ്ളാഗ് ഓഫ് ചെയ്തു. മെഡിക്കൽ ഓഫിസർ ഡോ. ജയാനന്ദൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ദിവ്യ ഷാജു, ജോയി നെല്ലിശേരി പങ്കെടുത്തു. കൊടകര കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്റ്റർമാർ, ആശാവർക്കർമാർ, ജനപ്രതിനിധികൾ എന്നിവർ അടങ്ങുന്ന സംഘം യാത്ര നയിച്ചു.

കളഞ്ഞു കിട്ടിയ പേഴ്സ് തിരികെ നൽകി

കൊടകര : പണവും എ.ടി.എം കാർഡ് തുടങ്ങി വിലപിടിച്ച രേഖകളും അടങ്ങിയ പേഴ്സ് തിരികെ നൽകി ഓട്ടോ ഡ്രൈവർ മാതൃകയായി. കൊടകര മരത്തോമ്പിള്ളി സ്വദേശി അഴകത്ത് വീട്ടിൽ സലീഷാണ് പേഴ്സ് തിരികെ നൽകിയത്. തുടർന്ന് പേഴ്സ് കൊടകര പൊലീസിൽ ഏൽപ്പിച്ചു. പൊലീസിന്റെ സാന്നിധ്യത്തിൽ ഉടമയ്ക്ക് പേഴ്സ് തിരികെ നൽകി.

വിളംബര ഘോഷയാത്ര നടത്തി

പാവറട്ടി: പുതുമനശേരി സെന്റ് മേരീസ് എൽപി സ്കൂൾ ശതാബ്ദി ആഘോഷ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂബിലി വിളംബര ഘോഷയാത്ര നടത്തി. പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എം റെജീന ഫ്ലാഗ് ഓഫ് ചെയ്തു. സ്കൂൾ മാനേജർ ഡോ.ഫാ. ആന്റണി ചെമ്പകശേരി ജൂബിലി വിളംബര സന്ദേശം നൽകി. പഞ്ചായത്ത് അംഗം കെ.ദ്രൗപതി അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ പി.ജെ ലീജ, ജാഥാ ക്യാപ്റ്റൻ എൻ.ജെ ലിയോ, ഒ.എസ്.എ പ്രസിഡന്റ് ജോസഫ് ലിയോ, പി.ടി.എ പ്രസിഡന്റ് കെ.എസ് ഷഹീർ, ഓ.ജെ ജസ്റ്റിൻ, സി.കെ തോബിയാസ്, ഭാസ്കരൻ മന്നത്ത് നേതൃത്വം നൽകി.

നീലക്കുയിലിന് എഴുപത് വയസ്...

കെ.രാഘവൻ - പി.ജയചന്ദ്രൻ അനുസ്മരണം നടത്തി പി. ഭാസ്കരൻ ഫൗണ്ടേഷൻ

കൊടുങ്ങല്ലൂർ: പി.ഭാസ്കരൻ മാഷിന്റെ ജന്മശതാബ്ദിയുടെ ഭാഗമായി പി. ഭാസ്കരൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കെ.രാഘവൻ മാസ്റ്ററുടേയും ഗായകൻ പി.ജയചന്ദ്രന്റേയും അനുസ്മരണം സംഘടിപ്പിച്ചു.1954ൽ പി.ഭാസ്കരൻ രാമുകാര്യാട്ട് സംയുക്ത സംവിധാന കൂട്ടായ്മയിൽ നീലക്കുയിൽ സിനിമ പ്രദർശനം തുടങ്ങിയിട്ട് 70 വർഷം പൂർത്തിയായി. നീലക്കുയിലിന്റെ സംഗീത സംവിധായകനായിട്ടാണ് രാഘവൻ മാസ്റ്ററുടെ തുടക്കം. നാടൻ ശീലുകളിലൂടെ നാദവിസ്മയം തീർത്ത രാഘവൻ മാസ്റ്ററെ പിന്നീട് മലയാളി ശ്രോതാക്കൾ മനസിൽ കുടിയിരുത്തി. സംവിധായകൻ ശ്രീകുമാരൻ തമ്പി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ടൗൺഹാളിൽ നടന്ന സമ്മേളനത്തിൽ ഫൗണ്ടേഷൻ ചെയർമാൻ സി.സി.വിപിൻ ചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഇ.ജയകൃഷ് ണൻ മുഖ്യപ്രഭാഷണം നടത്തി. ഗായകൻ കല്ലറ ഗോപനും പിന്നണി ഗായിക രാജലക്ഷ്മിയും നയിച്ച ഗാനമേളയും അരങ്ങേറി. സെക്രട്ടറി സി.എസ്.തിലകൻ, ബക്കർ മേത്തല, സി.നന്ദകുമാർ, സി റാജുദ്ദീൻ, ഇ.ജി.സുഗതൻ, ശശിധരൻ, സി.ജി.ശ്യാമള നേതൃത്വം നൽകി.

നീലക്കുയിൽ സിനിമ എഴുപത് വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് പി.ഭാസ്കരൻ ഫൗണ്ടേഷൻ സംഘടിപ്പിച്ച സമ്മേളനം സംവിധായകൻ ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യുന്നു.

ഇരിങ്ങാലക്കുട തെക്കുംകര ശ്രീകുമാരേശ്വര ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ രചിച്ച ചുമർചിത്രങ്ങളുടെ നേത്രോന്മീലനം നിർവ്വഹിച്ചു ക്ഷേത്രാചാര്യൻ ഡോ.ടി.എസ്.വിജയൻ തന്ത്രികൾ സംസാരിക്കുന്നു.

ചുമർചിത്രങ്ങളുടെ നേത്രോന്മീലനം നടത്തി

ഇരിങ്ങാലക്കുട : തെക്കുംകര ശ്രീധർമ്മപരിപാലനയോഗം വക ശ്രീകുമാരേശ്വര ക്ഷേത്രത്തിന്റെ ശ്രീകോവിലിൽ രചിച്ച ചുമർചിത്രങ്ങളുടെ നേത്രോന്മീലനം ക്ഷേത്രാചാര്യൻ ഡോ.ടി.എസ് വിജയൻ തന്ത്രികൾ നിർവ്വഹിച്ചു. കേരള സാംസ്കാരിക വകുപ്പ് വജ്രജൂബിലി ഫെല്ലോഷിപ്പ് നേടിയ അജിത്ത് കണ്ണിക്കര, ബിജു ഷൈൻ തേർക്കയിൽ, സ്വപ്ന രാജീവ് തൈനകത്ത്, സുധ സുധീരൻ വാര്യാട്ട്, നീന ഗീതാനാഥൻ വിലമംഗലത്ത് കളരി, രശ്മി സുരേഷ് വട്ടപറമ്പിൽ എന്നിവരെ ആദരിച്ചു.

ഗതാഗതത്തിന് തുറന്നു കൊടുക്കാത്ത റോഡിലൂടെ ബസുകളുടെ മരണപ്പാച്ചിൽ

മനയ്ക്കലപ്പടിയിൽ സ്വകാര്യ ബസ് കാനയിൽ താഴ്ന്നു

ഇരിങ്ങാലക്കുട : കോണത്തുകുന്ന് മനയ്ക്കലപ്പടി മെഡിഗ്രീൻ ഹോസ്പിറ്റൽ പരിസരത്ത് ലിമിറ്റഡ് സ്റ്റോപ്പ് ബസ് റോഡിൽ നിന്ന് തെന്നി കാനയിൽ താഴ്ന്ന് അപകടം. ചിനിക്കാസ് ബസാണ് അപകടത്തിൽപ്പെട്ടത്. ഇന്നലെ രാവിലെ പതിനൊന്നോടെയായിരുന്നു അപകടം. ബസ് അമിതവേഗത്തിലായിരുന്നുവെന്നും ബസിൽ നിറയെ യാത്രക്കാരുണ്ടായിരുന്നുവെന്നും ദൃക്സാക്ഷികൾ പറഞ്ഞു. അപകടത്തിൽ ആർക്കും പരിക്കില്ല.

കെഎസ്ടിപിയുടെ റോഡ് നിർമാണം നടക്കുന്നതിനാൽ വടക്കു ഭാഗത്തു നിന്നുള്ള വാഹനങ്ങൾ വെള്ളാങ്ങല്ലൂർ ബ്ലോക്ക് ജങ്ഷനിൽ നിന്ന് ഇടത്തോട്ടു തിരിഞ്ഞാണ് പോകേണ്ടത്. പണി നടക്കുന്ന റോഡിൽ തൃശൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾക്ക് റോഡിന്റെ കിഴക്കു വശത്തു കൂടി ഒറ്റവരി ഗതാഗതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ നിലവിൽ വഴി തിരിച്ച് വിടുന്നതിനായി ബ്ലോക്ക് ജങ്ഷനിൽ ദിശാ ബോർഡുകളോ, മറ്റു സംവിധാനങ്ങളോ ഇല്ലാത്തതിനാൽ കൊടുങ്ങല്ലൂരിൽ നിന്ന് തൃശൂരിലേക്കുള്ള വാഹനങ്ങളും തൃശൂരിൽ നിന്ന് കൊടുങ്ങല്ലൂരിലേക്കുള്ള വാഹനങ്ങളും ഈ വഴിയിലൂടെ തന്നെയാണ് പോകുന്നത്. നിലവിൽ റോഡിന്റെ പടിഞ്ഞാറു ഭാഗം ഗതാഗതത്തിനു തുറന്നു കൊടുത്തിട്ടില്ല. ഈ ഭാഗത്ത് കോൺക്രീറ്റിങ് കഴിഞ്ഞ് റോഡിൽ നിറയെ നനഞ്ഞ ചാക്കുകൾ വിരിച്ചിട്ടുണ്ട്.

ഗതാഗതം നിയന്ത്രിക്കാൻ പൊലീസോ, കെഎസ്ടിപി ജീവനക്കാരോ ഇല്ലാത്തതിനാൽ ഇരുദിശകളിൽ നിന്നു വാഹനങ്ങൾ കടന്നു വരുമ്പോൾ തെക്ക് ഭാഗത്തു നിന്ന് നിയന്ത്രണം പാലിച്ചു വരുന്ന വാഹനങ്ങൾക്ക് ഗതാഗതത്തിന് തുറന്നു കൊടുക്കാത്ത റോഡിലൂടെ പോകേണ്ട അവസ്ഥയാണുള്ളത്. ഇതിനിടയിലാണ് ഇന്നലെ അമിതവേഗത്തിൽ വന്ന ലിമിറ്റഡ് സ്റ്റോപ്പ് ബസ് ഈ ചാക്കുകൾ ടയറിനിടയിലേക്ക് കയറി നിയന്ത്രണം നഷ്ടപ്പെട്ട് റോഡിൽ നിന്ന് തെന്നി കാനയിൽ താഴ്ന്ന് അപകടമുണ്ടായതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

ഗതാഗത നിയന്ത്രണം പാലിക്കാതെ വടക്കു നിന്ന് വരുന്ന വാഹനങ്ങൾക്ക് സൈഡ് കൊടുക്കാൻ തെക്കു ഭാഗത്തു നിന്ന് വരുന്ന വാഹനങ്ങൾ ചാക്ക് വിരിച്ചിട്ട ഭാഗത്തേക്ക് വാഹനം ഒതുക്കേണ്ടി വരുന്നത് സ്ഥിരം കാഴ്ചയാണെന്ന് നാട്ടുകാർ പറഞ്ഞു. ഇതിന് മുമ്പും ഇതേ രീതിയിൽ വാഹനങ്ങൾ തെന്നുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. പലയിടത്തും റോഡ് നിർമാണം നടക്കുമ്പോഴും കൃത്യമായ ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുന്നില്ലെന്ന് നാട്ടുകാർ കുറ്റപ്പെടുത്തി. അമിതവേഗതയെ നിയന്ത്രിക്കാൻ പൊലീസ് പരിശോധനകൾ ശക്തമാക്കുമ്പോഴും അതിനൊന്നും യാതൊരു വിലയും കൽപ്പിക്കാതെ ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ മരണപ്പാച്ചിൽ തുടരുകയാണ്. ഇതിനിടയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ അധികൃതർ എത്രയും വേഗം കൃത്യമായ നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

കോണത്തുകുന്ന്മനയ്ക്കലപ്പടിയിൽ അപകടത്തിൽപ്പെട്ട്കാനയിൽ താഴ്ന്ന സ്വകാര്യ ലിമിറ്റഡ് ബസ്

ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ദനഹ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണം.

കഞ്ചാവ് പിടികൂടിയ കേസ്: ഒരാൾ കൂടി അറസ്റ്റിൽ

കൊടുങ്ങല്ലൂർ: കാറിൽ കടത്തുകയായിരുന്ന കാൽ കിന്റലോളം കഞ്ചാവ് പിടികൂടിയ കേസിൽ ഒരാൾ കൂടി അറസ്റ്റിലായി. തിരുവനന്തപുരം വള്ളക്കടവ് മുട്ടത്തറ സ്വദേശി ഹക്കീമിനെയാണ് കൊടുങ്ങല്ലൂർ എസ്.എച്ച്.ഒ. ബി. കെ.അരുണും സംഘവും അറസ്റ്റ് ചെയ്തത്. രണ്ടു പേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. കഴിഞ്ഞ ഒക്ടോബറിൽ കൊടുങ്ങല്ലൂർ ചന്തപ്പുര ദേശീയപാത 66ൽ പൊലീസ് സംഘം നടത്തിയ വാഹന പരിശോധ നയിലാണ് കാറിന്റെ ഡിക്കിയിൽ കടത്തുകയായിരുന്ന കഞ്ചാവ് പിടികൂടിയത്. നേരത്തെ പിടിയിലായ പ്രതികൾക്ക് സഹായങ്ങൾ ചെയ്തു കൊടുത്തതും വാഹനം ഏർപ്പാട് ചെയ്തതും ഹക്കീമാണെന്ന് പൊലീസ് പറഞ്ഞു.

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്.

രജിസ്റ്റേഡ് ഓഫിസ്- രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവ്രംഗ്പുര, അഹമ്മദാബാദ്-09, ശാഖ ഓഫിസ്. എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ലാ-ഗ്രേസ് ബിൽഡിങ്, ആക്സിസ് ബാങ്കിന് മുകളിൽ, IQRAA ഹോസ്പിറ്റലിന് സമീപം, വയനാട് റോഡ്, മലാപ്പറമ്പ്, കോഴിക്കോട്, കേരളം-673009

ലേല വിൽപ്പനാ അറിയിപ്പും ഇ-ലേല വിൽപ്പനാ അറിയിപ്പും

(വായ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) പ്രകാരം വായിക്കുക.

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് ആൻഡ് ഫിനാൻഷ്യൽ അസറ്റ്സ് ആക്റ്റിലെ സെക്യൂററ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ പ്രകാരം താഴെ പരാമർശിച്ചിരിക്കുന്ന സ്ഥലം താഴെ പരാമർശിച്ചിരിക്കുന്ന വായ്പാ അക്കൗണ്ടിനു വേണ്ടി സ്ഥലം ഏതു വിധത്തിലാണോ അതുപോലെ തന്നെയും എവിടെയാണോ അങ്ങനെ തന്നെയും വിൽക്കാനുള്ള അധികാരത്തോടെ ജപ്തി ചെയ്തിരിക്കുന്നു.

അപേക്ഷകന്റെ & സഹഅപേക്ഷകന്റെ പേരും വിലാസവും: (1) മട്ടുമ്മേൽ ട്രെഡേഴ്സ്, XIV-120e, 120f, എരഞ്ഞിയിൽ ബിൽഡിങ്, പേലേപ്പുറം എളങ്കൂർ, മഞ്ചേരി-676121, കേരളം (2) അബ്ദു മട്ടുമ്മേൽ, മട്ടുമ്മേൽ വീട്, ആലുങ്ങൽ, മണ്ണപ്പറ്റ, എളങ്കൂർ, മഞ്ചേരി-676121, കേരളം. (3) നഫീസ പൂവത്തി, മട്ടുമ്മേൽ ട്രേഡേഴ്സ്, എളങ്കൂർ, മണ്ണപ്പറ്റ പിഒ, മഞ്ചേരി-676121 കേരളം.

അക്കൗണ്ട് നമ്പർ: 13078616 & 8435632 ലിങ്ക് ചെയ്തിരിക്കുന്ന യൂണിക് ഐഡി നമ്പർ 9448832, ആകെ കുടിശിക തുക: Rs.70,64,098/- (എഴുപത് ലക്ഷത്തി അറുപത്തിനാലായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ) 06.06.2023 വരെയുള്ളത്. തിരിച്ചടവ് വരെ തുടർപലിശയും/ആകസ്മിക ചെലവുകൾ/മറ്റു ചെലവുകളും സഹിതം.

സെക്യേർഡ് ക്രെഡിറ്റർക്ക് അറിയാവുന്ന ബാധ്യതകൾ എന്തെങ്കിലുമുണ്ടെങ്കിൽ: ഇല്ല.

സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ: പ്രോപ്പർട്ടി 1 (റസിഡൻഷ്യൽ ബിൽഡിങ്): മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ എളങ്കൂർ വില്ലേജിൽ തണ്ടപ്പേര് നമ്പർ 224 (പഴയ സർവെ നമ്പർ 298; പഴയ സർവെ സബ് ഡിവിഷൻ നമ്പർ 2a)ൽ റീസർവെ ബ്ലോക്ക് നമ്പർ 64ൽ റിസർവെ നമ്പർ 37/2ലെ 4.05 ആഴ്സ് (0.0405 ഹെക്റ്റർ) വിസ്തൃതിയോടു കൂടിയ സ്ഥലവും അതിനോട് ചേർന്നുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ. മട്ടുമ്മേൽ അബ്ദുവിന്റെയും നഫീസയുടെയും പേരിൽ വണ്ടൂർ എസ്ആർഒയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സെയിൽ ഡീഡ് നമ്പർ 5520/2008 പ്രകാരം. എളങ്കൂർ വില്ലേജ് ഓഫിസർ ഇഷ്ടം ചെയ്ത ലൊക്കേഷൻ മാപ്പ് നമ്പർ 517/2016 പ്രകാരം സ്ഥലത്തിന്റെ അതിർത്തികൾ: കിഴക്ക്- നടവഴി, പടിഞ്ഞാറ്- അബ്ദുള്ളയുടെ സ്ഥലം, തെക്ക്- മുജീബിന്റെ സ്ഥലം, വടക്ക്- നടവഴി.

പ്രോപ്പർട്ടി 2 (കൊമേഴ്സൽ ബിൽഡിങ്): മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ എളങ്കൂർ വില്ലേജിൽ റീസർവെ സബ് ഡിവിഷൻ നമ്പർ 4 പഴയ സർവെ നമ്പർ 668; പഴയ സർവെ സബ് ഡിവിഷൻ നമ്പർ 3)ൽ റീസർവെ ബ്ലോക്ക് നമ്പർ 64ൽ റിസർവെ നമ്പർ 72ലെ 2.75 ആഴ്സ് (0.0275 ഹെക്റ്റർ; 6.795 സെന്റ് വിസ്തൃതിയോടു കൂടിയ സ്ഥലവും അതിനോട് ചേർന്ന് 10/416-D എന്ന നമ്പറിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ. മട്ടുമ്മേൽ അബ്ദുവിന്റെ പേരിൽ വണ്ടൂർ എസ്ആർഒയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സെയിൽ ഡീഡ് നമ്പർ 2361/2012 പ്രകാരം. എളങ്കൂർ വില്ലേജ് ഓഫിസർ ഇഷ്ടം ചെയ്ത ലൊക്കേഷൻ മാപ്പ് നമ്പർ 485/2019 പ്രകാരം സ്ഥലത്തിന്റെ അതിർത്തികൾ: കിഴക്ക്- പാറമ്മേൽ മുഹമ്മദ് അലിയുടെ സ്ഥലം, പടിഞ്ഞാറ്- മുഹമ്മദ് ഹാജിയുടെയും മറ്റുള്ളവരുടെയും കൈവശമുള്ള സ്ഥലം, തെക്ക്- റോഡ്, വടക്ക്- മെയ്യേതിൽ മുഹമ്മദ് ഹാജിയുടെയും മറ്റുള്ളവരുടെയും സ്ഥലം.

പ്രോപ്പർട്ടി 1 (റസിഡൻഡ്യഷ്യൽ ബിൽഡിങ്):

റിസർവ് തുക	ഏണസ്റ്റ് മണി ഡെപ്പോസിറ്റ്	ബിഡ് ഇൻക്രിമെന്റൽ തുക	ലേലത്തിന്റെ തീയതിയും സമയവും	ഇഎംഡിയുടെ അവസാന തീയതിയും സമയവും.
Rs.25,01,843/-	Rs.2,50,184/-	Rs.1,00,000/-	05-02-2025 at 11 AM to 12 Noon	04-02-2025 up to 06:00 p.m

പ്രോപ്പർട്ടി 2 (കൊമേഴ്സൽ ബിൽഡിങ്):

Rs.21,67,959/-	Rs.2,16,795/-	Rs.1,00,000/-	05-02-2025 at 11 AM to 12 Noon	04-02-2025 up to 06:00 p.m

ടെണ്ടർ-കം-ലേല വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും: 1) ലേല വിൽപ്പന 'ഓൺലൈൻ ഇ-ലേലം' വഴി ബിഡ്ഡിംഗ് ആയിരിക്കും വെബ്സൈറ്റ് https://bankauctions.in , info@bankauctions.in , (ഫോർക്ലോഷർ) Mr. Bhargav/bhargav@bankauctions.in/8142000060/Kiranmai/info@bankauctions.in/8142000066, # 605A, 6th നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന 5 മിനിറ്റ് പരിധിയില്ലാത്ത വിപുലീകരണത്തോടുകൂടിയ മുകളിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിലെ മൊബൈൽ ആപ്പ്. 2) താൽപ്പര്യമുള്ള ലേലക്കാർ വെബ് പോർട്ടലിലൂടെ അവരുടെ EMD സമർപ്പിക്കുക: https://bankauctions.in , info@bankauctions.in , Mr.Bhargav/bhargav@bankauctions.in/8142000060/ Kiranmai/info@bankauctions.in/ 8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന, (https://bankauctions.in എന്നതിൽ പേര് രജിസ്റ്റർ ചെയ്യുന്നതിലൂടെ യൂസർ ഐഡിയും പാസ്‌വേഡും സാജന്യമായി ലഭിക്കും. info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060/ Kiranmai/info@bankauctions.in/8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, ലോഗിൻ ഐഡിയും പാസ്‌വേഡും വഴി തെലങ്കാന. EMD ആയിരിക്കും 'HDB ഫിനാൻഷ്യൽ സർവീസിന് അനുകൂലമായി എടുത്ത റിസർവ് വിലയുടെ 10% ഇഎംഡിക്ക് ഓർഡർ/ഡിമാൻഡ് ഡ്രാഫ്റ്റ് വഴി നൽകാവുന്നതാണ്. പരിമിതമായ' മുകളിൽ. വെബ് പോർട്ടലിലെ ലേലക്കാരൻ രജിസ്ട്രേഷന് (റൂത്തവണ) ശേഷം, ഉദ്ദേശിക്കുന്ന ബിഡ്ഡർ / വാങ്ങുന്നയാൾ നേടേണ്ടതുണ്ട് ബിഡ് ഡോക്യുമെന്റുകൾ സമർപ്പിക്കുന്ന അവസാന തീയതിക്കും സമയത്തിനും മുമ്പ് വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത ഇനിപ്പറയുന്ന ഡോക്യുമെന്റുകളുടെ പകർപ്പുകൾ അതായത്. i) NEFT/RTGS ചലാൻ അല്ലെങ്കിൽ ഡിമാൻഡിൻറെ പകർപ്പ് ഡ്രാഫ്റ്റ്; ii) പാൻ കാർഡിൻറെ പകർപ്പ്; iii) ഐഡന്റിഫിക്കേഷൻ പ്രൂഫ്/ അഡ്രസ് പ്രൂഫ് (KYC) അതായത്. വോട്ടർ ഐഡി കാർഡ് / ഡ്രൈവിംഗ് ലൈസൻസ് / സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് പാസ്പോർട്ട് മുതലായവ; അത്തില്ലാതെ ബിഡ് നിരസിക്കപ്പെടാൻ ബാധ്യസ്ഥമാണ്. അനുബന്ധം-II, III എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് അപ്‌ലോഡ് ചെയ്യുന്നു (താഴ്ത്താം- വെബ് പോർട്ടലിൽ നിന്ന് ലോഡ് ചെയ്തത്: https://bankauctions.in, info@bankauctions.in, Mr. Bhargav/ bhargav@bankauctions.in/ 8142000060 / Kiranmai/info@bankauctions.in/ 8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന, യഥാസമയം പൂരിപ്പിച്ചതിന് ശേഷം പ്പിടലും ആവശ്യമാണ്. സ്വപ്പിക്കുന്നതിന് സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ലേലക്കാർ ലോഗിൻ ഐഡിയും പാസ്‌വേഡും, ഡാറ്റ അപ്‌ലോഡ് ചെയ്യൽ, ബിഡ് ഡോക്യുമെന്റുകൾ സമർപ്പിക്കൽ, ഓൺലൈൻ ഇന്റർ-സെ ബിഡ്ഡിംഗിനെക്കുറിച്ചുള്ള പരിശീലനം/ ഡെമോൺസ്ട്രേഷൻ തുടങ്ങിയവ. നയപരമായ വിലാസം: https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 /Kiranmai/info@bankauctions.in/8142000066 #605A, ആറാം നില, മൈത്രിവനം, അമിർപേട്ട്, ഹൈദരാബാദ്-500038, തെലങ്കാന. 3) ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ നേരിട്ട് ഹാജരാകണം കൂടാതെ വ്യക്തിപരമായി പങ്കെടുക്കുകയും അവൻ/അവൾ തന്നിക്കുവേണ്ടിയാണ് ലേലം വിളിക്കുന്നതെന്ന് രേഖമൂലം ഒരു പ്രഖ്യാപനം നൽകുകയും ചെയ്യുക. നമ്പർ അംഗീകൃത അനുവദിച്ച വ്യക്തി. 4) ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് മാനേജറായ HDB ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിൽ നിന്ന് ടെണ്ടർ ഫോമുകൾ ലഭിക്കും. ഫ്ലോർ, ലാ-ഗ്രേസ് ബിൽഡിംഗ്, ആക്സിസ് ബാങ്കിന് മുകളിൽ, ഇഖിത്രഅഎച് ഹോസ്പിറ്റലിന് സമീപം, വയ